റോഡുകളുടെ അറ്റകുറ്റപ്പണികൾ

113 [1340] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾ 3 വർഷത്തേക്ക് ഏതെങ്കിലും വൻകിട കമ്പനികളെ ഏൽപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ റോഡുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) ഏതു് സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതി ഏറ്റെടുത്തിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം ഏത് ഏജൻസിയിൽ നിന്നാണ് ലഭിക്കുന്നത്;

(ഇ) സാമ്പത്തിക സഹായം വായ്പയായിട്ടാണോ, ഗ്രാന്റായിട്ടാണോ നൽകുന്നത്;

(എഫ്) തിരിച്ചടവ് വ്യവസ്ഥ എന്തൊക്കെയാണ്;

(ജി) പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പൊതുമരാമത്ത് വകുപ്പാണോ; അല്ലെങ്കിൽ മറ്റ് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ;

(എച്ച്) എസ്റ്റിമേറ്റ് പ്രകാരം ഒരു മീറ്റർ റോഡിന് എന്ത് തുക ചെലവാകും;

(ഐ) അറ്റകുറ്റപ്പണി പൂർത്തിയാകുമ്പോൾ ടോൾ ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജെ) ഈ പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ മുൻപിലോ കോടതിയിലോ ഏതെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) പെർഫോമൻസ് ബേസ്ഡ് മാനേജ്മെന്റ് ആൻഡ് മെയിന്റനൻസ് ഘടകത്തിൽ ഉൾപ്പെടുത്തി റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ഹൈക്കോടതി ഉത്തരവ് അനുസരിച്ച് ഈ പദ്ധതി ഇപ്പോൾ നിലവിലില്ല. കരാറുകാരിൽ നിന്നും ടെണ്ടർ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി, ഇ & എഫ്) ബാധകമല്ല.

(ജി) പൊതുമരാമത്ത് വകുപ്പ്.

(എച്ച്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ബാധകമല്ല.

(ജെ) ഗവൺമെന്റിൽ പരാതി ലഭിച്ചിരുന്നു. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ശ്രീ. വർഗീസ് കണ്ണംമ്പള്ളി നല്കിയ പൊതുതാല്പര്യ ഹർജി നമ്പർ ഡബ്ല്യു. പി. (സി) 27462/2003, 14-1-2004-ൽ തള്ളി തീരുമാനമായി.

ടോൾ പിരിവിന്റെ മാനദണ്ഡം

114 [1341] ശ്രീ. പി. എസ്. സുപാൽ:

,, കെ. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വാഹനത്തിനുമുള്ള ടോൾ സംഖ്യ വർദ്ധിപ്പിക്കുന്നതിന് നിയമ മുണ്ടോ; എങ്കിൽ ഇപ്പോൾ ടോൾ പിരിക്കുന്നവയിൽ എത്ര പാലങ്ങളിൽ എത്ര തവണ വീതം ടോൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോയിടങ്ങളിലും ടോൾ പിരിവ് പൂർണ്ണമാകുന്നത് എപ്പോഴാണെന്നും അതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോൾ ടോൾ പിരിക്കുന്ന പാലങ്ങളിൽ ടോൾ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. ടോൾ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകൾ പരിഗണിച്ചു വരുന്നതേയുള്ളൂ. ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല റോഡു ഗതാഗത മന്ത്രാലയത്തിന്റെ നിയമപ്രകാരമാണ് ടോൾ പിരിക്കുന്നത്. ടോൾ നിരക്ക് കഴിഞ്ഞ പത്തുവർഷത്തിനിടയിൽ വർദ്ധിപ്പിച്ചിട്ടില്ല.

(ബി) ഓരോ പാലത്തിനും ചെലവായ തുകയും ആ തുകയ്ക്ക് 9% സാധാരണ പലിശയുമടക്കമുള്ള തുക പിരിഞ്ഞുകിട്ടുന്നതു വരെയോ അല്ലെങ്കിൽ പരമാവധി പതിനഞ്ചു വർഷത്തേക്കു മാത്രമോ ടോൾ പിരിക്കാവൂ എന്ന് വ്യക്തമാക്കി യിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ അപ്രോച്ച് റോഡുകൾക്കും സ്ഥലമെടുപ്പിനും ഉൾപ്പെടെ പാലങ്ങളുടെ നിർമ്മാണച്ചെലവും അവയിൻമേൽ ഭാരതീയ റിസർവ് ബാങ്ക് അപ്പപ്പോൾ നിശ്ചയിക്കുന്ന പലിശയും ഉൾപ്പെടെയുള്ള ആകെ തുക സർക്കാരിലേക്ക് അടഞ്ഞുതീരുന്നതുവരെ ടോൾ പിരിവ് നടത്തുകയും മുഴുവൻ തുകയും അടഞ്ഞു തീർന്നാലുടൻ ടോൾ പിരിവ് നിർത്തുകയുമാണ് പതിവ്. എന്നാൽ പുതിയ പാലങ്ങൾക്ക് 1997-ന് ശേഷം ടോൾ ഏർപ്പെടുത്തിയാൽ അത് നിർത്തുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly